വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മൂവാറ്റുപുഴയിൽ മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഫണ്ടിന്റേയും സ്ഥലത്തിന്റേയും ലഭ്യത അനുസരിച്ച് എല്ലാ താലൂക്ക് ആസ്ഥാനങ്ങൾക്കും മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പരിപാടിയുണ്ട്. മൂവാറ്റുപുഴയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് ആവശ്യപ്പെടാം.

(12) കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. എളമരം കരീം : സർ, യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നതുമൂലം കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചത് കണക്കിലെടുത്ത് അവർക്ക് വേതനത്തിൽ വർദ്ധനവ് നൽകണമെന്നും, അതുപോലെ വിദ്യാർത്ഥികളുടെ അനുപാതം കണക്കാക്കി ജീവനക്കാരെ നിശ്ചയിക്കുന്നത് മാറ്റിക്കൊണ്ട് പ്രീ-ഡിഗ്രി ഡീലീങ്ക് ചെയ്യുന്നത് കണക്കിലെടുത്ത് കോഴ്സ്വൈസായി ജീവനക്കാരുടെ എണ്ണം നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജീവനക്കാർ ഒരു സമരം നടത്തുന്നുണ്ട്. അവരുടെ പ്രശ്നം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : വളരെ ബ്യൂട്ടിഫുൾ ആയിട്ടുള്ള പ്രസന്റേഷനാണ്. എനിക്കിഷ്ടപ്പെട്ടു, ഇന്നുമാത്രമല്ല, എല്ലാ ദിവസവും അദ്ദേഹം അങ്ങനെതന്നെയാണ്, സബ്മിഷൻ അവതരിപ്പിക്കുന്നതിൽ നല്ല ഒരു മാതൃകയാണ് ശ്രീ. എളമരം കരീം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കോളേജ് അദ്ധ്യാപകരുടെ ജോലി സമയം രാവിലെ ഒൻപതു മണി മുതൽ വൈകുന്നേരം നാലരവരെ ആക്കിയിരിക്കുന്ന പശ്ചാത്തലത്തിൽ അനദ്ധ്യാപകരുടെ പ്രശ്നങ്ങളും പ്രത്യേകം പരിഗണിക്കേണ്ടതായിട്ടുണ്ട്. ഈ കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്.

(13) ഖാദി അപ്രൂവ്ഡ് യൂണിറ്റുകളിലെ ഉൽപ്പന്നങ്ങൾക്ക് നികുതിയും പിഴയും ചുമത്തുന്ന നടപടി

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കേരളത്തിൽ ഖാദി ബോർഡ് അംഗീകരിച്ച ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സെയിൽസ്ടാക്സ് ചുമത്തിയിരുന്നില്ല. നികുതി ഏകീകരണത്തിന്റെ പേരിൽ ഇപ്പോൾ ഖാദി അംഗീകൃത യൂണിറ്റുകൾക്കും സെയിൽസ് ടാക്സ് ചുമത്തിയിരിക്കുകയാണ്. ഈ മേഖലയിലെ ധാരാളം ചെറുകിട യൂണിറ്റുകൾ അടച്ചുപൂട്ടുന്നതിന് ഇത് ഇടയാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ചെരുപ്പുകൾ പ്രോസസ് ചെയ്തു വീണ്ടും നിർമ്മിക്കുന്ന പി.വി.സി. ചെരുപ്പുകൾ ചെരുപ്പ് ഐറ്റത്തിലെ ഏറ്റവും വിലകുറഞ്ഞ താണതരം ചെരുപ്പുകളാണ്. അതുപോലെ കൈകൊണ്ട് നിർമ്മിക്കുന്ന അലക്കുസോപ്പു നിർമ്മാണ യൂണിറ്റുകളും ഉണ്ട്. ഈ ഉൽപന്നങ്ങൾക്ക് നാലു ശതമാനം സെയിൽസ് ടാക്സാണ് ചുമത്തിയിട്ടുള്ളത്. ഖാദി അപ്രൂവ്ഡ് യൂണിറ്റുകൾക്ക് എസ്.എസ്.ഐ. യൂണിറ്റുകൾക്കുള്ള ആനുകൂല്യങ്ങളില്ല. ഇതുവരെ സെയിൽസ്ടാക്സ് ഇളവു മാത്രമാണ് ലഭിച്ചിരുന്നത്. തമിഴ്നാട്ടിലും, കർണ്ണാടകത്തിലും പോണ്ടിച്ചേരിയിലും ഖാദി അപ്രൂവ്ഡ് യൂണിറ്റു

LIBRARY ARCHIVES Kerala Legislative Assembly

കൾക്ക് ഇപ്പോൾ ടാക്സില്ല. അതുകൊണ്ട് ജനുവരി മാസം മുതൽ 12 ശത മാനം ടാക്സ് ചുമത്തിയിട്ടുള്ള പി.വി.സി. ചെരുപ്പുകൾ, കൈകൊണ്ടു നിർമ്മി ക്കുന്ന സോപ്പ് മുതലായവയെ ടാക്സിൽനിന്ന് പൂർണ്ണമായി ഒഴിവാക്കണം. ഖാദി അപ്രൂവ്ഡ് യൂണിറ്റുകളുടെ കൂട്ടത്തിൽ കമ്പ്യൂട്ടർ ഉൽപന്നങ്ങൾ, എ.സി. മെഷീനുകൾ, ഫ്രിഡ്ജ് തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ ഉണ്ട്. അത്തരം മെച്ചപ്പെട്ട യൂണിറ്റുകൾക്ക് ഈ ആനുകൂല്യം കൊടുക്കണമെന്ന് അഭിപ്രായമില്ല. തമിഴ്നാട്ടിലും കർണ്ണാടകത്തിലും നികുതിയില്ല, അവിടെ നിന്ന് പലവഴിക്കും സാധനങ്ങൾ കൊണ്ടുവന്ന് വിൽക്കുമ്പോൾ കേരളത്തിലെ യൂണിറ്റുകൾ അടച്ചുപൂട്ടേണ്ടിവരും. ടാക്സില്ലാതെ വിൽക്കാൻ ആകാത്ത അപ്രൂവ്ഡ് യൂണിറ്റുകൾ അടച്ചുപൂട്ടപ്പെടും. ജനുവരി മാസത്തെ ടാക്സ് ചുമത്തി ഇരട്ടിപ്പിഴ ഈടാക്കുന്നതിനുവേണ്ടി കോഴിക്കോട് ജില്ലയിൽ എടുത്ത നടപടികൾ നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇവരെ ഇതിൽ നിന്ന് ഒഴിവാക്കണം. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ടാക്സ് ഇല്ലാതെ വന്നാൽ ഇവിടത്തെ വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടപ്പെടും. അവിടെ നിന്ന് ഇഷ്ടംപോലെ സാധനങ്ങൾ ഇവിടെക്കൊണ്ടുവന്ന് വിൽക്കാനുള്ള സാഹചര്യമുണ്ടാകുമോയെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരി ശോധിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1.1.2000 മുതൽ നികുതിയുടെ തറനിരക്ക് തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 10 ലക്ഷം രൂപവരെ വാർഷിക വിറ്റുവരവുള്ള യൂണിറ്റുകളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതിന് വാർഷിക വിറ്റുവരവ് ബാധകമല്ല. ഖാദി അപ്രൂവ്ഡ് യൂണിറ്റുകൾക്ക് അവർ വാങ്ങുന്ന അസംസ്കൃത വസ്തുക്കളുടെ മേലുള്ള നികുതി, ഉൽപന്നത്തിന്റെ നികുതിയിൽനിന്ന് കിഴിക്കുന്ന വ്യവ സ്ഥയും ഉണ്ട്. അതായത് റാമെറ്റീരിയലിന്റെ പ്രൈസ് സെറ്റ് ഓഫ് ചെയ്യും, ആഡ് ചെയ്ത വാല്യൂവിന്റെ ടാക്സ് ഉണ്ട്, അതാണ് ഇനി ഇൻഡ്യയിൽ മുഴു വൻ അടുത്തവർഷം വരാൻ പോകുന്നത്. വാല്യൂ ആഡഡ് ടാക്സ്, സെറ്റ് ഓഫ് കൊടുക്കുമ്പോൾ നികുതിയില്ലാത്ത സ്ഥിതിവരും, ഇനിയും ഒന്നുകൂടി പരിശോധിച്ച്, എല്ലാ വശങ്ങളും പരിശോധിച്ച് ഗവൺമെന്റിന് ടാക്സ് കുറ യ്ക്കാൻ സെക്ഷൻ 10-കെ.ജി.എസ്.ടി. ആക്ടുമതി, കൂട്ടാൻ ലെജിസ്ലേഷൻ വേണം. എല്ലാ വശങ്ങളും പരിശോധിച്ച് നടപടിയെടുക്കും, അങ്ങനെയുള്ള വ്യവസായങ്ങളെ നശിപ്പിക്കാൻ സർക്കാർ ഏതായാലും അനുവദിക്കില്ല.

(14) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഡയറക്ടർ നിയമനം

ഡോ. എം.എ. കുട്ടപ്പൻ : ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ പട്ടിക ജാതിക്കാരനായ ജോയിന്റ് ഡയറക്ടറെ ഡയറക്ടറാക്കത്തതു സംബന്ധി ച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. ലോക്കൽ ഫണ്ട് ആഡിറ്റു വകു പ്പിൽ സീനിയർ മോസ്റ്റായിട്ടുള്ള പട്ടികജാതി ജീവനക്കാരനാണ് ശ്രീ. കെ.കെ. രാജൻ, കെ.കെ. രാജനെ ഡയറക്ടറാക്കുന്നതിനുപകരം ഇൻഡ്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവീസിലെ ജൂനിയറായിട്ടുള്ള ശ്രീമതി പി. രാധാദേ വിയെ ഡെപ്യൂട്ടേഷനിൽ ഇവിടെ നിയമിച്ചിരിക്കുകയാണ്. ഇത് പട്ടികജാതി ക്കാരോടുള്ള തികഞ്ഞ അവഗണനയാണ്. ഇവിടെ നിയമിക്കപ്പെട്ട പുതിയ ഡയറക്ടർ ബഹുമാനപ്പെട്ട അങ്ങയുടേയും മുൻധനകാര്യ മന്ത്രി വിശ്വനാഥ മേനോന്റേയും ബന്ധുവാണെന്നു അറിയുന്നു. അതിന്റെ പേരിൽ ഒരു പട്ടിക ജാതിക്കാരനെ അവഗണിക്കുന്നത് കഷ്ടമാണെന്നു പറയുകയാണ്. ഡെപ്യൂ

LIBRARY ARCHIVES Kerala Legislative Assembly